**പതിമൂന്നാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 148**

**08/02/2016 -ലെ മറുപടിക്ക്**

**<u>സർക്കാർ ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>**

| | ചോദ്യം<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | മറുപടി<br>ശ്രീ. ഉമ്മൻ ചാണ്ടി<br>ബഹു: മുഖ്യമന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണത്തിന് പ്രതിവർഷം എത്ര കോടി രൂപ അധിക ചെലവ് വരുമെന്ന് വെളിപ്പെടുത്താമോ; | സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും ശമ്പള പരിഷ്കരണം /പെൻഷൻ പരിഷ്കരണം മൂലം പ്രതിവർഷം ഏകദേശം 7222 കോടി രൂപയുടെ അധിക ചെലവ് വരുമെന്ന് കണക്കാക്കിയിട്ടുണ്ട്. |
| (ബി) | ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായുള്ള 1.7.2014 മുതലുള്ള കുടിശ്ശിക നല്കുന്നതിനു മാത്രം എത്ര തുക ആവശ്യമായി വരും; | ശമ്പള/പെൻഷൻ പരിഷ്കരണത്തിന്റെ ഭാഗമായുള്ള 01/07/2014 മുതലുള്ള കുടിശ്ശിക നല്കുന്നതിലേക്കായി ഏകദേശം 9451 കോടി രൂപ ആവശ്യമായി വരുമെന്ന് കണക്കാക്കിയിട്ടുണ്ട് |
| (സി) | 2014-15 വർഷത്തിലും 2015-16 വർഷത്തിലും ബഡ്ജറ്റിൽ ശമ്പള പരിഷ്കരണത്തിന്റെ ഭാഗമായി ഉണ്ടാകാവുന്ന അധിക ചെലവ് നേരിടുന്നതിന് പ്രത്യേകമായി പണം വകയിരുത്തിയിട്ടുണ്ടായിരുന്നോ; എങ്കിൽ എത്ര കോടി വീതം; പ്രസ്തുത തുക പ്രത്യേകം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കുകയുണ്ടായിട്ടുണ്ടോ; | പത്താം ശമ്പളകമ്മീഷൻ ശുപാർശകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിലേക്കായി 2014-15 സാമ്പത്തിക വർഷം ബഡ്ജറ്റിൽ അധിക തുക വകയിരുത്തിയിരുന്നില്ല. എന്നാൽ ടി ആവശ്യത്തിലേക്കായി 2015-16 സാമ്പത്തിക വർഷം വിവിധ വകുപ്പുകളുടെ ബഡ്ജറ്റ് ശീർഷകങ്ങളിലായി ശമ്പളയിനത്തിൽ അധികമായി 1750 കോടി രൂപയും പെൻഷൻ ഇനത്തിൽ ഉണ്ടാകുന്ന അധിക ബാധ്യത നേരിടുന്നതിലേക്കായി പെൻഷൻ ശീർഷകത്തിൽ 300 കോടി രൂപയും അധികമായി വകയിരുത്തിയിരുന്നു. ടി തുകകൾ പ്രത്യേകം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടില്ല. |

| | | |
|---|---|---|
| (ഡി) | പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ജീവനക്കാർക്കും, അദ്ധ്യാപകർക്കും പെൻഷൻകാർക്കും എന്നു നല്കുവാൻ സാധിക്കും; അതിനാവശ്യമായ അത്രയും തുക 2016-17-ലെ ബഡ്ജറ്റിൽ വകയിരുത്തുമോ? | പരിഷ്കരണത്തിന്റെ ഭാഗമായുള്ള കുടിശ്ശിക ജീവനക്കാർക്കും അദ്ധ്യാപകർക്കും പെൻഷൻകാർക്കും 01/04/2017 മുതൽ നാല് അർദ്ധവാർഷിക ഗഡുക്കളായി വിതരണം ചെയ്യുന്നതാണ്. ആയതിനാൽ ഇതിലേക്ക് 2016-17 ലെ ബഡ്ജറ്റിൽ തുക വകയിരുത്തേണ്ടതില്ല. |

Manjusha

അക്കൗണ്ട്സ് ഓഫീസർ